പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം- 1011 20-03-2012- ൽ മറുപടിയ്ക്ക്.

## ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ.ബേബി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. പി.റ്റി. എ.റഹീം | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |
| എ) സംസ്ഥാനത്ത് വിദ്യാഭ്യാസ തലത്തിൽ നടപ്പാക്കിയ ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>ബി) യശ്പാൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സർക്കാർ നടപ്പാക്കിയ ഈ സമ്പ്രദായം നിർത്തലാക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | എ & ബി ഇല്ല എന്നാൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന സെമസ്റ്റർ സമ്പ്രദായത്തിൽ വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് അക്കാദമിക് സമൂഹത്തിൽ നിന്നും വിദ്യാർത്ഥികൾക്കിടയിൽ നിന്നും ഉയർന്നുവരുന്ന അഭിപ്രായങ്ങൾ കണക്കിലെടുത്ത് സെമസ്റ്റർ സമ്പ്രദായം അവലോകനം ചെയ്യുന്നതിനും ആവശ്യമായ മാറ്റങ്ങൾ ശുപാർശചെയ്യുന്നതിനും പ്രൊഫ. ഹൃദയകുമാരിയുടെ അധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| സി) സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ? | സി) ഇല്ല |

സെക്ഷൻ ഓഫീസർ